(ബി) പ്രസ്തുത പദ്ധതിക്ക് എം.എൽ.എ. മുഖാന്തിരമോ അപേക്ഷകർ നേരിട്ടോ ഓഫീസിൽ അപേക്ഷ സമർപ്പിക്കുന്ന അവസ്ഥ ഒഴിവാക്കി സ്കൂളുകളിൽനിന്നും അപേക്ഷ അയയ്ക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി സാമൂഹ്യനീതിവകുപ്പ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) സ്കൂളുകളിൽനിന്നും അയയ്ക്കുന്ന അപേക്ഷ സാമൂഹ്യനീതി വകുപ്പിന്റെ ഓഫീസിൽ കിട്ടുന്നില്ല എന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) സ്നേഹപൂർവ്വം പദ്ധതി ആനുകൂല്യത്തിനുവേണ്ടി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ശേഖരിച്ചിട്ടില്ല. കുട്ടനാട് നിയോജകമണ്ഡലം ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽനിന്നും ലഭിച്ച 4,260 അപേക്ഷകളിൽ 1,210 അപേക്ഷകൾ, അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവരും, വരുമാനപരിധി കഴിഞ്ഞവരുമായ കാരണത്താൽ നിരസിച്ചിട്ടുണ്ട്. 1,105 പേർക്ക് ധനസഹായം അനുവദിക്കുകയും, അപാകതകൾ പരിഹരിച്ച് ലഭിച്ച 1,016 അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിർദ്ദേശം നൽകിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്നേഹസ്പർശം

243 (7542) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സാമൂഹ്യനീതി വകുപ്പിൻകീഴിൽ സോഷ്യൽ സെക്യൂരിറ്റി മിഷനുമായി സഹകരിച്ച് ദുബായ് കെ.എം.സി.സി. നടത്തുന്ന 'സ്നേഹസ്പർശം' പരിപാടിവഴി എന്തെല്ലാം ആതുരസേവനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ കേരള സർക്കാർ മുൻഗണന നൽകുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി സാമൂഹ്യനീതി വകുപ്പ് എത്ര തുക നീക്കിവച്ചിട്ടുണ്ട് ; ദുബായ് കെ.എം.സി.സി. ചെലവാക്കാനുദ്ദേശിക്കുന്ന തുക എത്ര ;

(ഡി) സംസ്ഥാനത്ത് ഇതിനുമുൻപ് ഇതുപോലുള്ള സന്നദ്ധ സംഘടനകൾ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ഇ) പ്രസ്തുത പ്രവർത്തനങ്ങൾക്കായുള്ള രൂപരേഖ വകുപ്പ് തയ്യാറാക്കിയോ ; എങ്കിൽ രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ ; ഇല്ല എങ്കിൽ പ്രവർത്തനത്തിനായുള്ള രൂപരേഖ തയ്യാറാക്കാൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) കേരള സോഷ്യൽ സെക്യൂരിറ്റി മിഷനുമായി സഹകരിച്ച് ദുബായ് കെ.എം.സി.സി. സ്നേഹസ്പർശം എന്ന പരിപാടി നടപ്പിലാക്കുന്നില്ല. എന്നാൽ സംസ്ഥാനത്ത് ചൂഷണത്തിന് വിധേയമായി അവിവാഹിത അവസ്ഥയിൽ അമ്മമാരായ അഗതികളായ വനിതകൾക്കുവേണ്ടി സ്നേഹസ്പർശം എന്ന പേരിൽ ഒരു പദ്ധതി കേരള സാമൂഹ്യ സുരക്ഷാമിഷൻ നടപ്പിലാക്കി വരുന്നുണ്ട്. അർഹരായവർക്ക് പ്രതിമാസം 1000 രൂപ വീതം ധനസഹായം നൽകുന്നു.

(സി) സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കുന്ന സ്നേഹസ്പർശം പദ്ധതിയുടെ നടത്തിപ്പിനായി 2014-15 സാമ്പത്തിക വർഷം 1 കോടി അമ്പത് ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പരിഗണനയിലില്ല.

ജെണ്ടർ പാർക്ക് പദ്ധതിയുടെ നടത്തിപ്പ്

244 (7543) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ജെണ്ടർ പാർക്ക് പദ്ധതിയുടെ നടത്തിപ്പിനായി ഏത് ഓഫീസറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(ബി) കഴിഞ്ഞ സർക്കാർ നിയമിച്ച ഓഫീസറാണോ ഇപ്പോഴും തുടരുന്നത് ; ഈ നിയമനം കോൺട്രാക്ട് വ്യവസ്ഥയിലുള്ളതാണോ ;

(സി) ഈ ഓഫീസർ ഒരുമാസം വാങ്ങുന്ന ശമ്പളത്തിന്റെ വിവരം നൽകുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ട് ;

(ഇ) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

(എ) ജെണ്ടർ പാർക്ക് പദ്ധതിയുടെ നടത്തിപ്പിനായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായ ഡോ. പി. റ്റി. മുഹമ്മദ് സുനീഷിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly